"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയ്ഞ്ചിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. മാരിമുത്തു.കെ- യ്ക്ക് 22.05.2020 മുതൽ 05.07.2020 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.256/2022/F&WLD                തീയതി,തിരുവനന്തപുരം, 16-06-2022.

പരാമർശം:-

1. 24.08.2017-ലെ സ.ഉ.(പി)നം. 112/2017/ധന ഉത്തരവ്.
2. 30.07.2020- ലെ 42/2020/ധന നമ്പർ സർക്കുലർ.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) 20.11.2020-ലെ E2-3655/2020 നമ്പർ കത്ത്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) 02.11.2021-ലെ KFDHQ/3655/2020-ADMIN/E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയ്ഞ്ചിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. മാരിമുത്തു.കെ- യ്ക്ക് 22.05.2020 മുതൽ 06.07.2020 വരെ (46) ദിവസം കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ പരാമർശം 3 പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഡ്യൂട്ടിക്ക് ഇടയിലാണ് ടിയാന് അപകടം സംഭവിച്ചതെന്നും, ആയതിന്റെ തുടർ ചികിത്സയ്ക്ക് വേണ്ടിയാണ് ടിയാൻ അവധിയിൽ പ്രവേശിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും, ആയതിനാൽ പ്രസ്തുത കാലയളവിൽ ടിയാന് ചട്ട പ്രകാരം പ്രത്യേക അവശതാവധി അനുവദിക്കണമെന്നും പരാമർശം 4 പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി. ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്ന മേലധികാരിയുടെ സാക്ഷ്യപത്രവും ശിപാർശയിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ശ്രീ. മാരിമുത്തു.കെ- യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ തീയതി 06/07/2020 ആണ്. പ്രസ്തുത സാഹചര്യത്തിൽ, മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയ്ഞ്ചിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. മാരിമുത്തു.കെ- യ്ക്ക് 22.05.2020 മുതൽ 05.07.2020 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ചു ഉത്തരവാകുന്നു. 06.07.2020 -അർഹതപ്പെട്ട മറ്റേതെങ്കിലും അവധിയായി ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം [ശ്രീ. മാരിമുത്തു.കെ-യുടെ സർവ്വീസ് ബുക്ക് സഹിതം ].

ശ്രീ. മാരിമുത്തു.കെ [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന].

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Noushad S**
**Date: 16-06-2022 15:40:41**
സെക്ഷൻ ഓഫീസർ.